ട്രാൻസ്‌പോർട്ട് കമ്മീഷണറുടെ നടപടി ക്രമം

(സാന്നിദ്ധ്യം:- ശ്രീ.S SREEJITH I P S)

വിഷയം:- മോട്ടോർ വാഹന വകുപ്പ് –ട്രാൻസ്‌പോർട്ട് കമ്മീഷണറേറ്റിലെ ഫെയർ കോപ്പി സൂപ്രണ്ട് ശ്രീമതി.ഷിഹിനാ ബീഗം 31.05.2024 -ൽ സർവീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ പ്രൊമോഷൻ നടപടിക്രമങ്ങൾ നടത്തി പുതിയ ഫെയർ കോപ്പി സൂപ്രണ്ടിനെ നിയമിക്കുന്നതു സംബന്ധിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ.A5/79/2024-TC തീയതി 04-07-2024

ട്രാൻസ്‌പോർട്ട് കമ്മീഷണറേറ്റിലെ ഫെയർ കോപ്പി സൂപ്രണ്ട് ആയ ശ്രീമതി ഷിഹീന ബീഗം 31.05.2024-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് ഉണ്ടായ ഒഴിവിലേക്ക് നിയമനം നടത്തുന്നതിനായി നിലവിലെ സെക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരുടെ 01. 01. 2023 അടിസ്ഥാനമാക്കിയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരെ ഒഴിവാക്കി തുടർന്ന് വരുന്ന 5 പേരിൽ നിന്നും സന്നദ്ധത തേടുകയും, ലിസ്റ്റിൽ നിലവിൽ സീനിയർ ആയി ഉൾപ്പെട്ടിരിക്കുന്ന ശ്രീമതി . കെ. ജെ സിനിമോൾ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ ആവശ്യമില്ലെന്ന് 11.04.2024 -ൽ രേഖാ മൂലം അറിയിക്കുകയും കെ എസ് & എസ് എസ് ആർ, ചട്ടം 38 പ്രകാരമുള്ള റിലിൻകിഷ്മെന്റ് സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കുകയും ചെയ്തു. ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം താത്ക്കാലികമായി 3 വർഷത്തേക്ക് ത്യജിക്കുന്നതിന് ശ്രീമതി.കെ ജെ സിനിമോൾ സമർപ്പിച്ച റിലിൻകിഷ്മെന്റ് അപേക്ഷ വിശദമായി പരിശോധിക്കുകയും പ്രസ്തുത അപേക്ഷ 12.06.2024-തിയതിയിലെ A5/91/2024-TC നമ്പരായി അംഗീകരിച്ചു കൊണ്ട് ഉത്തരവാകുകയും ചെയ്തു .

ഉദ്യോഗക്കയറ്റം സംബന്ധിച്ച അവകാശങ്ങൾ ത്യജിക്കുന്നതിന് മേല്പറഞ്ഞ ഉദ്യോഗസ്ഥക്ക് അനുമതി നൽകിക്കൊണ്ട് 12.06.2024-തീയതിയിൽ അംഗീകരിച്ച A5/91/2024-TC ഉത്തരവിന്റെ അടിസ്ഥാനത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ, അടുത്ത സീനിയർ ആയ (സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 10) ശ്രീമതി റോസമ്മ ഐസക്-നു രൂ. 43400-1100-47800-1200-52600-1300-56500-1400-60700 - 1500- 65200-1600-70000-1800-79000- 2000-89000-2200-91200 എന്ന ശമ്പള സ്കെയിലിൽ ഫെയർ കോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിക്കൊണ്ടും, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചു കൊണ്ടും ഉത്തരവാകുന്നു.

Signed by
Sreejith S
Date: 04-07-2024 12:37:07

S SREEJITH I P S
TRANSPORT COMMISSIONER

സ്വീകർത്താവ്,

1. ശ്രീമതി.റോസമ്മ ഐസക്
2. ഡി. റ്റി .സി എറണാകുളം
3. ആർ. ടി. ഓ എറണാകുളം

4. സബ് ആർ. ടി. ഓ ,കോതമംഗലം

പകർപ്പ്:-

1. സി എ-റ്റി സി ,അഡിഷണൽ റ്റി സി ,ജെ റ്റി സി ,സീനിയർ ഡി റ്റി സി,അഡിഷണൽ ട്രാൻസ്പോർട്ട് കമ്മിഷണർ,എസ് എസ് ജി സെൽ

2. ഓഫീസ് ഫയൽ/ കരുതൽ ഫയൽ